# മുതലാളിത്തം കമ്യൂണിസം ഇസ്‌ലാം

മൗലാനാ അബുൽഅഅ്‌ലാ മൗദൂദി

**ലോകത്ത്** ഇതുവരെ ഉത്ഭവിച്ചിട്ടുള്ള സാമ്പത്തികവ്യവസ്ഥകൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്ത്? ആ വ്യവസ്ഥകളുടെ സാമ്പത്തിക വ്യവഹാരങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്?

ചില്ലറ വ്യത്യാസങ്ങൾ അവഗണിച്ചാൽ ലോക സാമ്പത്തികവ്യവസ്ഥകളെ മൂന്നു വലിയ വിഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. ഒന്ന്, മുതലാളിത്തവ്യവസ്ഥ. രണ്ട്, കമ്യൂണിസത്തിന്റെ പേരിലറിയപ്പെടുന്ന വ്യവസ്ഥ. മൂന്ന്, ഇസ്‌ലാം നിർദേശിക്കുന്ന വ്യവസ്ഥ. ഈ മൂന്നു വ്യവസ്ഥകളുടെയും അടിസ്ഥാനതത്വങ്ങൾ സംക്ഷിപ്തമായി വിവരിക്കാം.

### മുതലാളിത്ത വ്യവസ്ഥ

മുതലാളിത്ത വ്യവസ്ഥ ഏത് സിദ്ധാന്തങ്ങളിലാണോ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്, ആ സിദ്ധാന്തങ്ങളെ ലളിതമായി ഇങ്ങനെ വിവരിക്കാം: 'ഓരോ വ്യക്തിയും താൻ സമ്പാദിച്ചുണ്ടാക്കിയ ധനത്തിന്റെ ഉടമസ്ഥനാണ്. അതിൽ മറ്റാർക്കും യാതൊരവകാശവുമില്ല. തന്റെ ധനം ഇഷ്ടാനുസാരം കൈകാര്യം നടത്താൻ അവന്ന് പൂർണാധികാരമുണ്ട്. അവന്റെ അധീനതയിലുള്ള ധനം കെട്ടിപ്പൂട്ടിവെക്കുവാനും ലാഭമൊന്നും ലഭിക്കുന്നില്ലെങ്കിൽ അത് ചെലവഴിക്കാതിരിക്കാനും അവന്ന് അവകാശമുണ്ട്.' ഓരോ മനുഷ്യന്റെയും പ്രകൃതിയിൽതന്നെ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സ്വാർഥബോധത്തിൽനിന്നാണ് ഈ സിദ്ധാന്തം ആരംഭിക്കുന്നത്. അവസാനം അതു ചെന്നെത്തുന്നത്, മനുഷ്യകൂട്ടായ്മയുടെ വിജയസൗഭാഗ്യങ്ങൾക്കാവശ്യമായ എല്ലാ ഉത്തമഗുണങ്ങളേയും അമർത്തിക്കളയുന്ന അങ്ങേയറ്റത്തെ സ്വാർഥത്തിലാണ്. ഇത് വിഷയത്തിന്റെ ധാർമികതലം. ഇനി സാമ്പത്തിക വീക്ഷണകോണിൽകൂടി നോക്കിയാലും ഈ സിദ്ധാന്തത്തിന്റെ അനിവാര്യഫലം ധനവിതരണത്തിന്റെ സമത്തൂക്കം താറുമാറായിപ്പോവുകയെന്നതാണ്. ധനം ക്രമേണ ചുരുങ്ങിച്ചുരുങ്ങി കൂടുതൽ ഭാഗ്യവാന്മാരോ തന്ത്രശാലികളോ ആയ ഒരു വിഭാഗത്തിന്റെ അടുക്കൽ ഒരുമിച്ചു കൂടുന്നതും അങ്ങനെ സൊസൈറ്റി, ഫലത്തിൽ ധനവാൻ, ദരിദ്രൻ എന്നിങ്ങനെ രണ്ടു വിഭാഗക്കാരായി പിരിയുന്നതുമായിരിക്കും. ധനികവർഗം സകല സമ്പത്തും കൈക്കലാക്കി തങ്ങളുടെ സ്വന്തം താൽപര്യങ്ങൾക്കായി അവയെ ഉപയോഗപ്പെടുത്തുകയും ധനം പൂർവോപരി വർധിപ്പിക്കാനുള്ള ശ്രമത്തിൽ സൊസൈറ്റിയുടെ സാമൂഹിക താൽപര്യങ്ങൾ തോന്നുംപടി ബലികഴിക്കുകയും ചെയ്യുന്നതാണ്. ദരിദ്രവർഗത്തിനാണെങ്കിൽ മുതലാളി വർഗത്തിന്റെ താൽപര്യങ്ങൾ സാധിപ്പിച്ചു കൊടുക്കാനായി കൂടുതൽ തൊഴിലെടുക്കേണ്ടിവരുന്നു. അതേസമയം ജീവിതാവശ്യങ്ങൾക്കായുള്ള ഏറ്റവും ചുരുങ്ങിയ സാധനസാമഗ്രികളേ അവർക്ക് ലഭിക്കുന്നുള്ളൂ. സാക്ഷാൽ ധനത്തിൽ പങ്കാളിയാവാൻ അവർക്ക് തീരെ അവസരമുണ്ടാകുന്നില്ല. ഇത്തരം സാമ്പത്തികവ്യവസ്ഥ ഒരുവശത്തു വൻകിട മുതലാളിമാർ, മില്ലുടമകൾ, ജന്മിമാർ തുടങ്ങിയവരെ സൃഷ്ടിച്ചുവിടുന്നു; മറുവശത്തു തൊഴിലാളികൾ, കർഷകർ, കടക്കാർ തുടങ്ങിയവരെയും. സൊസൈറ്റിയിൽനിന്നു സഹാനുഭൂതിയുടെയും പരസ്പര സഹായത്തിന്റെയും സ്പിരിറ്റു തീരെ നശിച്ചുപോവുകയെന്നതും ഇത്തരം വ്യവസ്ഥയുടെ പ്രകൃത്യായുള്ള ഫലമാണ്. ഓരോ വ്യക്തിയും തന്റെ സ്വന്തം ഉപകരണങ്ങൾകൊണ്ടു മാത്രം ജീവിതം നയിക്കുവാൻ നിർബന്ധിതനായിത്തീരും. ആരും മറ്റൊരാളുടെ സഹായിയോ അനുഭാവിയോ ആയിരിക്കില്ല. അശരണർക്ക് ജീവിതവൃത്തം അങ്ങേയറ്റം കുടുസ്സായിത്തീരും. സൊസൈറ്റിയിലെ ഓരോ വ്യക്തിയും ജീവിതം നിലനിർത്തേണ്ടതിന്നായി മറ്റുള്ളവർക്കെതിരിൽ വിദ്വേഷ പ്രചാരണങ്ങൾ നടത്തിക്കൊണ്ടേയിരിക്കും. മറ്റുള്ളവരെക്കാൾ കൂടുതൽ ധനം കരസ്ഥമാക്കുവാൻ ഓരോരുത്തരും ശ്രമിക്കുകയും സ്വന്തം താൽപര്യത്തിന്നായി ധനം സൂക്ഷിച്ചുവെക്കുകയും ധനം കൂടുതൽ വർധിപ്പിക്കാനായി മാത്രം അത് വിനയോഗിക്കുകയും ചെയ്യും. ഈ യത്നത്തിൽ പരാജിതരായിത്തീരുകയോ അതിൽ പങ്കുചേരാൻ ശക്തിയില്ലാതിരിക്കുകയോ ചെയ്യുന്ന ജനങ്ങൾക്ക് ലോകത്തു യാതൊരു പിന്തുണയും സഹായവും ലഭിക്കുകയില്ല, അവർ യാചിക്കുകയാണെങ്കിലും ആഹാരം ലഭിക്കുക അത്ര എളുപ്പമായിരിക്കില്ല. ആർക്കും അവരെക്കുറിച്ചു അനുകമ്പ തോന്നുകയില്ല, ആരുടെ കൈയും അവരെ സഹായിക്കാൻ മുന്നോട്ടു നീളുകയില്ല. ഒന്നുകിൽ ആത്മഹത്യ ചെയ്തു ജീവിത ശിക്ഷയിൽനിന്ന് രക്ഷ നേടുവാനോ അല്ലെങ്കിൽ ദുർവൃത്തികൾ ചെയ്ത് ജീവൻ നിലനിർത്താനോ അവർ നിർബന്ധിതരായിത്തീരും.

മുതലാളിത്ത വ്യവസ്ഥയിൽ ജനങ്ങളുടെ ശ്രദ്ധ, പണം കൂടുതൽക്കൂടുതലായി ശേഖരിച്ചുവെക്കുന്നതിലും ധനം

പൂർവോപരി വർധിക്കുന്ന സംരംഭങ്ങളിൽമാത്രം അത് നിക്ഷേപിക്കുന്നതിലും കേന്ദ്രീകരിക്കപ്പെടുകയെന്നതു ആ വ്യവസ്ഥയുടെ അനിവാര്യഫലമാണ്. കൂട്ടായ മൂലധനമുള്ള കമ്പനികൾ, ബാങ്കുകൾ, പ്രോവിഡണ്ടു ഫണ്ടുകൾ, ഇൻഷൂറൻസു കമ്പനികൾ, കോ-ഓപറേറ്റീവ് സൊസൈറ്റികൾ ഇവയെല്ലാം മുതലാളിത്ത വ്യവസ്ഥയുടെ അനന്തരഫലങ്ങളാണ്. വിഭിന്ന രീതികളിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ഇവയുടെയെല്ലാം ആത്മാവ് ഒന്നുതന്നെയായിരിക്കും. അതായതു പണംകൊണ്ടു കൂടുതൽ പണം സമ്പാദിക്കുക. അതു കച്ചവടത്തിലെ കൊള്ളക്കൊടുക്കുകളിലൂടെ ആയാലും വിരോധമില്ല, പലിശ വഴിക്കായാലും തരക്കേടില്ല. മുതലാളിത്തത്തിന്റെ ദൃഷ്ടിയിൽ പലിശ വാങ്ങലും കച്ചവടവും തമ്മിൽ അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല. അതിനാൽ മുതലാളിത്ത വ്യവസ്ഥയിൽ അവ രണ്ടും തമ്മിൽ കലരുമെന്ന് മാത്രമല്ല, വ്യാപാരങ്ങളിൽ അവ രണ്ടിന്റെയും നില ഊടും പാവും കണക്കെ ആയിത്തീരുന്നതുമാണ്. കച്ചവടത്തിന് പലിശയോടും പലിശക്ക് കച്ചവടത്തോടുമുള്ള ബന്ധം അഭേദ്യമായിരിക്കും. ഒന്നിനു മറ്റൊന്നിനെക്കൂടാതെ വളരുകതന്നെ സാധ്യമായിരിക്കയില്ല.

### കമ്യൂണിസ്റ്റ് വ്യവസ്ഥ

മുതലാളിത്തത്തിന് എതിരെ നിലകൊള്ളുന്ന ഒരു സാമ്പത്തിക വ്യവസ്ഥയാണ് കമ്യൂണിസം. മുഴുവൻ സമ്പത്തും സൊസൈറ്റിയിലെ എല്ലാ വ്യക്തികൾക്കും സമാവകാശമുള്ളതാണ്. അതിനാൽ വ്യക്തികളിലാർക്കും തന്നെ ഒറ്റക്കൊറ്റക്കായി അവയിൽ ഉടമാവകാശമില്ല. ഉടമസ്ഥനെന്ന നിലക്ക് അവ കൈവശം വെക്കാനോ ഇഷ്ടാനുസാരം അവ കൈകാര്യം ചെയ്യാനോ അവയുടെ ഫലങ്ങൾ സ്വന്തം നിലക്ക് അനുഭവിക്കാനോ ഒരു വ്യക്തിക്കും അവകാശമില്ല. വ്യക്തികൾക്ക് വല്ലതും ലഭിക്കുന്നുണ്ടെങ്കിൽ അതു സൊസൈറ്റിയുടെ പൊതു താൽപര്യത്തിന്നായി അവൻ നിർവഹിക്കുന്ന സേവനങ്ങളുടെ പ്രതിഫലം മാത്രമായിരിക്കും. സൊസൈറ്റി വ്യക്തികളുടെ ജീവിതാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും പകരം വ്യക്തികൾ സൊസൈറ്റിക്കുവേണ്ടി ജോലിയെടുക്കുകയും ചെയ്യും. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് കമ്യൂണിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കപ്പെടുന്നത്.

മുതലാളിത്ത വ്യവസ്ഥയിൽനിന്ന് അടിസ്ഥാനപരമായി ഭിന്നമായ മറ്റൊരു രീതിയാണ് ഇവിടെ കാണുന്നത്. ഈ വ്യവസ്ഥയിൽ സ്വകാര്യ ഉടമാവകാശത്തിന് അസ്തിത്വം തന്നെയില്ല. എന്നിരിക്കെ, ഒരാൾക്ക് സ്വന്തം നിലക്ക് പണമുണ്ടാക്കാനും സ്വന്തം സംരംഭങ്ങളിൽ മുതൽ മുടക്കാനും എങ്ങനെയാണ തിൽ പഴുതുണ്ടാവുക! സിദ്ധാന്തങ്ങളിലും തത്വങ്ങളിലും വ്യത്യസ്തങ്ങളായതുകൊണ്ട് അവ രണ്ടിന്റെയും മാർഗങ്ങളും വിഭിന്നമാണ്. ബേങ്കിംഗ്, ഇൻഷുറൻസ്, ജോയിന്റ് സ്റ്റോക്ക് കമ്പനി മുതലായ സ്ഥാപനങ്ങൾ കൂടാതെ മുതലാളിത്ത വ്യവസ്ഥ പ്രവർത്തന ക്ഷമമാവുകയില്ല. കമ്യൂണിസ്റ്റ് വ്യവസ്ഥയിലാവട്ടെ, അതിന്റെ സാമ്പത്തിക ഇടപാടുകളിൽ ഇത്തരം സ്ഥാപനങ്ങൾക്ക് യാതൊരു പഴുതുമില്ല; അവയുടെ ആവശ്യവുമില്ല. മുതലാളിത്തത്തിന്റെ പ്രകൃതിയോടു പലിശക്ക് എത്രകണ്ടു അഗാധ ബന്ധമുണ്ടോ, അത്രകണ്ടു വിദൂരമായ അകൽച്ചയാണ് അതിന്ന് കമ്യൂണിസത്തിന്റെ പ്രകൃതിയോടുള്ളതും. ഏതൊരടിസ്ഥാനത്തിൽ ഒരു വ്യക്തി പലിശ വാങ്ങുകയും മറ്റൊരു വ്യക്തി പലിശ കൊടുക്കുകയും ചെയ്യുന്നുവോ ആ അടിസ്ഥാനത്തെത്തന്നെ കമ്യൂണിസം നശിപ്പിച്ചു കളയുന്നു. അതിന്റെ സിദ്ധാന്തങ്ങൾ യാതൊരു രൂപത്തിലും വിധത്തിലും പലിശയെ അനുവദിക്കയില്ല. അതിന്റെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് ഒരേ സമയത്ത് ഒരു കമ്യൂണിസ്റ്റുകാരനും ഒരു പലിശ ഏർപ്പാടുകാരനും ആയിത്തീരുക അസാധ്യമാണ്. (ഇത്രയും പ്രസ്താവിച്ചതു വെറും താത്വികമായി മാത്രം. ഫലത്തിൽ, കമ്യൂണിസ്റ്റ് വ്യവസ്ഥ റഷ്യയിൽ അങ്ങേയറ്റം പരാജയപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതിന്ന് അതിന്റെ തീവ്രമായ ആദർശങ്ങൾ പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ഇന്നതു മുതലാളിത്തത്തിന്റെ വിവിധ മാർഗങ്ങളിലേക്കും മടങ്ങിവരാനും തുടങ്ങിയിരിക്കുന്നു).

കമ്യൂണിസവും മുതലാളിത്തവും ഒന്നു മറ്റൊന്നിനെതിരിൽ രണ്ടറ്റത്താണ് നിലകൊള്ളുന്നത്. മുതലാളിത്തം വ്യക്തികൾക്ക് അവരുടെ പ്രകൃത്യായുള്ള അവകാശം തീർച്ചയായും അനുവദിച്ചുകൊടുക്കുന്നു. പക്ഷേ, വ്യക്തികളെ സമൂഹത്തിന്റെ പൊതു നന്മക്കായി സേവനം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന യാതൊന്നും തന്നെ അതിന്റെ സിദ്ധാന്തങ്ങളിലില്ല. മറിച്ച് വ്യക്തികളിൽ സ്വാർഥ മനഃസ്ഥിതിയാണ് യഥാർഥത്തിൽ അതു സൃഷ്ടിച്ചുവിടുന്നത്. തൽഫലമായി ഓരോ വ്യക്തിയും തന്റെ സ്വകാര്യതാൽപര്യത്തിനായി സമൂഹത്തിനെതിരിൽ നിരന്തരം സമരം നടത്തിക്കൊണ്ടേയിരിക്കും. അതിന്റെ അനന്തരഫലം ധനവിതരണത്തിന്റെ സമനില അങ്ങേയറ്റം താറുമാറായിപ്പോവുകയെന്നതു മാത്രമാണ്. ഒരുവശത്തു സൽഭാഗ്യവാന്മാരായ ചുരുക്കം വ്യക്തികൾ സമൂഹത്തിന്റെ സമ്പത്തെല്ലാം വലിച്ചുകൂട്ടി ലക്ഷപ്രഭുക്കളും കോടീശ്വരന്മാരുമായിത്തീരുകയും തങ്ങളുടെ ധനത്തിന്റെ ഊക്ക് കൊണ്ടു കൂടുതൽ സമ്പത്തു വലിച്ച് കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുമെങ്കിൽ മറുവശത്തു ബഹുഭൂരിപക്ഷത്തിന്റെയും സാമ്പത്തിക നില ദിനംപ്രതി കൂടുതൽ മോശപ്പെട്ടുകൊണ്ടേ വരികയും ധനവിതരണത്തിൽ അവരുടെ പങ്കു ചുരുങ്ങിച്ചുരുങ്ങി അവസാനം വെറും പൂജ്യമായിപ്പരിണമിക്കുകയും ചെയ്യുന്നതാണ്. ആരംഭത്തിൽ മുതലാളിമാരുടെ സമ്പത്തു അതിന്റെ പ്രതാപപ്രകടനങ്ങളാൽ വഞ്ചനാത്മകമായ ഒരു തിളക്കവും ശോഭയും തീർച്ചയായും ഉണ്ടാക്കിയേക്കും. പക്ഷേ, സമ്പത്തിന്റെ അസമമായ വിതരണത്തിന്റെ അവസാനഫലം, സാമ്പത്തികലോകമാകുന്ന ശരീരത്തിൽ രക്തത്തിന്റെ ചലനം നിലച്ചുപോവുകയും ശരീരത്തിന്റെ മിക്കഭാഗങ്ങളും രക്തക്കുറവിനാൽ വരണ്ടു നശിച്ചുപോവുകയും ചില പ്രധാന അവയവങ്ങളിൽ രക്തം അമിതമായി കെട്ടി നിൽക്കുന്നതു കാരണം അവയും വിവിധ തരം ആപത്തുകൾക്കു ഇരയായിത്തീരുകയും ചെയ്കയെന്നതല്ലാതെ മറ്റൊന്നുമായിരിക്കില്ല.

കമ്യൂണിസം ഈ രോഗത്തെ ചികിത്സിക്കാനാണ് ഉദ്ദേശിക്കുന്നത്. പക്ഷേ, ശരിയായ ഉദ്ദേശ്യത്തിനു അത് തെറ്റായ മാർഗം കൈകൊണ്ടിരിക്കുകയാണ്. അതിന്റെ ഉദ്ദേശ്യം ധനവിതരണത്തിൽ സമനില സ്ഥാപിക്കുകയെന്നതാണ്. ഈ ഉദ്ദേശ്യം ശരിയാണെന്നതിൽ സംശയത്തിന്നവകാശമില്ല. പക്ഷേ, അതിന്നായി അതു കൈകൊണ്ട മാർഗമാകട്ടെ യഥാർഥത്തിൽ മനുഷ്യപ്രകൃതിയോടുള്ള ഒരു സമരമാണ്. വ്യക്തികളെ സ്വകാര്യ ഉടമാവകാശത്തിൽനിന്നു തടഞ്ഞുകൊണ്ടു വെറും സമൂഹത്തിന്റെ സേവകന്മാരാക്കിത്തീർക്കുകയെന്നതു സാമ്പത്തികമായി ആപൽക്കരമാണെന്നു മാത്രമല്ല, വിപുലമായ അർഥത്തിൽ അത് മനുഷ്യന്റെ മുഴുവൻ നാഗരിക ജീവിതത്തിനു

തന്നെയും നാശകരമാണ്. കാരണം സ്വകാര്യ ഉടമസ്ഥതയുടെ നിഷേധം സാമ്പത്തിക പ്രവർത്തനങ്ങളിൽനിന്നും നാഗരിക വ്യവസ്ഥയിൽനിന്നും അവയിലെങ്ങും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ആത്മാവിനെയും അതിന്റെ സാക്ഷാൽ പ്രേരകശക്തിയേയും പുറത്തെടുത്തു കളയുന്നു. നാഗരീക, സാമ്പത്തിക വളർച്ചക്ക് ഒരാൾ തന്റെ മുഴുവൻ കഴിവുകളും ഉപയോഗിക്കുന്നത് സ്വന്തം നേട്ടങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുമ്പോഴാണ്. (ആരംഭത്തിൽ കമ്യൂണിസം ഈ പരമാർഥത്തെ താത്വികമായി നിഷേധിച്ചിരുന്നു. എന്നല്ല, അതിന്റെ സിദ്ധാന്തശാഠ്യക്കാരനായ തത്വജ്ഞാനി കുറേക്കൂടി മുമ്പോട്ടു കടന്നു മനുഷ്യനു ജന്മനാ യാതൊരുവിധ താൽപര്യങ്ങളും വാസനകളുമില്ലെന്നും സകലതും ചുറ്റുപാട് സൃഷ്ടിച്ചുവിടുന്നതുമാത്രമാണെന്നും വിദ്യാഭ്യാസ ശിക്ഷണങ്ങൾവഴി വ്യക്തികളിൽ സ്വാർഥതാൽപര്യമശേഷമില്ലാത്ത സാമൂഹ്യ മനസ്ഥിതി സൃഷ്ടിക്കുക സാധ്യമാണെന്നുംകൂടി വാദിക്കുകയുണ്ടായിട്ടുണ്ട്. പക്ഷേ, അനുഭവം കമ്യൂണിസ്റ്റ് മാന്യന്മാരുടെ ഈ തെറ്റിദ്ധാരണക്ക് അന്ത്യം കുറിക്കുക തന്നെ ചെയ്തു). ഇതു മനുഷ്യന്റെ പ്രകൃത്യായുള്ള സ്വാർഥമാണ്. യാതൊരു യുക്തിവാദത്തിനും അതിനെ മനുഷ്യഹൃദയങ്ങളിൽനിന്നും പുറത്തെടുത്തു കളയുക സാധ്യമേയല്ല. അസാധാരണ പ്രകൃതമുള്ള അൽപം ചില വ്യക്തികളൊഴിച്ചു, ഏതൊരു സാമാന്യ മനുഷ്യനും തന്റെ ഹൃദയ മസ്തിഷ്കങ്ങളേയും ശാരീരിക കഴിവുകളേയും ഉപയോഗപ്പെടുത്തുന്നത് വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടിയായിരിക്കും. അത്രമാത്രമേ അവന്നു സാധിക്കുകയുമുള്ളു. ഈ താൽപര്യം തീരെ അവശേഷിക്കുന്നില്ലെങ്കിൽ, ലാഭങ്ങളെ സംബന്ധിച്ചും നേട്ടങ്ങളെ സംബന്ധിച്ചും അവനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിധിക്കപ്പുറം സ്വപരിശ്രമങ്ങൾകൊണ്ടു യാതൊന്നും കരസ്ഥമാക്കാനാവില്ലെന്നു അവന്നു ഉറപ്പുവരികയാണെങ്കിൽ, അവന്റെ ചിന്താപരവും കർമപരവുമായ എല്ലാ ശേഷികളും തീരെ നിർജീവങ്ങളായി പരിണമിക്കുന്നതാണ്. കൂലിയുടെ കണക്കനുസരിച്ചു മാത്രം ജോലിയോടു താൽപര്യമുള്ള വെറും തൊഴിലാളിയുടെ നിലയാണ് പിന്നീടവന്നുണ്ടായിരിക്കുക. ഇതു ഒരു വശം. അതിന്റെ ബാഹ്യവും കർമപരവുമായ വശമാണെങ്കിൽ അതിനേക്കാൾ വിചിത്രമാണ്. യഥാർഥത്തിൽ കമ്യൂണിസം മുതലാളിമാരെ ഇല്ലാതാക്കി ഏറ്റവും വലിയ ഒരു മുതലാളിയെ -കമ്യൂണിസ്റ്റ് ഭരണകൂടത്തെ- ഇറക്കി കൊണ്ടുവരികയാണ് ചെയ്യുന്നത്. സാദാ മുതലാളിമാരിൽ കാണുന്ന നന്നേ കുറഞ്ഞ മനുഷ്യത്വ വികാരങ്ങൾ പോലും ഈ വലിയ മുതലാളിയിൽ ഉണ്ടായിരിക്കയില്ല. അതു വെറും ഒരു യന്ത്രം പോലെ വ്യക്തികളെക്കൊണ്ടു പ്രവൃത്തി എടുപ്പിക്കുന്നതായിരിക്കും. പരിപൂർണ്ണമായ സർവാധിപത്യത്തോടെ, ഒരു യന്ത്രത്തെപ്പോലെത്തന്നെ വ്യക്തികൾക്കിടയിൽ ജീവിതോപകരണങ്ങൾ വീതിച്ചുകൊടുക്കുന്നതുമായിരിക്കും. അതിന്റെ പക്കൽ സഹാനുഭൂതിയോ അനുഭാവമോ ഒന്നും തന്നെ ഉണ്ടായിരിക്കയില്ല. മറ്റുള്ളവരെ അഭിനന്ദിക്കുവാനോ അവരുടെ നന്മകൾ സമ്മതിക്കുവാനോ അതിനു കഴിയില്ല. അതു മനുഷ്യരെക്കൊണ്ടു മനുഷ്യരെന്ന നിലക്കല്ല, ഒരു യന്ത്രത്തിലെ ചക്രങ്ങളെന്ന നിലക്കാണ് പ്രവൃത്തിയെടുപ്പിക്കുക. അതു വ്യക്തികളിൽനിന്നു ചിന്താപ്രവർത്തനത്തിനും അഭിപ്രായ പ്രകടനത്തിന്നുമുള്ള സ്വാതന്ത്ര്യം തീരെ എടുത്തുകളയുന്നതാണ്. ഇത്രയും കടുപ്പമേറിയ സർവാധിപത്യം കൂടാതെ കമ്യൂണിസ്റ്റ് വ്യവസ്ഥ സ്ഥാപിതമാവുകയോ നിലനിർത്തുകയോ സാധ്യമേയല്ല. എന്തുകൊണ്ടെന്നാൽ വ്യക്തികളുടെ പ്രകൃതി പ്രസ്തുത വ്യവസ്ഥക്കെതിരായി നിയമലംഘനം നടത്തുവാൻ സദാ വെമ്പിക്കൊണ്ടിരിക്കുന്നതായിരിക്കും. ഏകാധിപത്യമാകുന്ന ഉരുക്കുചട്ടയിൽ സദാ അതിനെ ബന്ധിച്ചു നിർത്താതിരിക്കുന്ന പക്ഷം കമ്യൂണിസ്റ്റ് വ്യവസ്ഥ നൊടിയിടകൊണ്ടു ചിന്നിച്ചിതറിപ്പോകുന്നതാണ്. സ്റ്റാലിനെപോലുള്ള ഒരു ഏകാധിപതി റഷ്യയിൽ പിറവിയെടുത്തതിന്റെ ഫലമായി യാദൃഛികമായി ഉണ്ടായിത്തീർന്നതല്ല ഈ സർവാധിപത്യം. ഇത്രയും കടുപ്പമേറിയ ഒരു ഏകാധിപത്യം കമ്യൂണിസത്തിന്റെ അനിവാര്യ ഫലം മാത്രമാണെന്ന് കാണാവുന്നതാണ്.

## ഇസ്‌ലാമിക വ്യവസ്ഥ

പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു സാമ്പത്തകിക വ്യവസ്ഥകൾക്കുമിടയിൽ ഏറ്റവും നീതിപൂർവകമായ ഒരു വ്യവസ്ഥയാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. അതിന്റെ അടിസ്ഥാന സിദ്ധാന്തം, വ്യക്തിക്ക് അവന്റെ വ്യക്തിപരവും പ്രകൃതിപരവുമായ എല്ലാ അവകാശങ്ങളും പൂർണമായി നൽകപ്പെടണമെന്നതും അതോടൊപ്പം ധനവിതരണത്തിന്റെ സമത്തൂക്കനില താറുമാറായിപ്പോകരുതെന്നുമാണ്. ഒരുവശത്തു ഇസ്‌ലാം വ്യക്തിക്ക് സ്വകാര്യ ഉടമാവകാശവും തന്റെ ധനം കൈകാര്യം ചെയ്യുവാനുള്ള അധികാരവും നൽകുന്നു. മറുവശത്ത്, പ്രസ്തുത അവകാശങ്ങളിലും അധികാരങ്ങളിലുമെല്ലാം ചില ധാർമിക ഉപാധികളും നിയമതടസ്സങ്ങളും നിശ്ചയിക്കുന്നു. അതിന്റെ ഉദ്ദേശ്യം ധനം ഒരു സ്ഥലത്തു അസാധാരണമായി കൂടിക്കിടക്കാതിരിക്കുകയും സമ്പത്തും അതിന്റെ ഉപകരണങ്ങളും സൊസൈറ്റിയിലെ ഓരോ വ്യക്തിക്കും അവന്റെ യോഗ്യതയനുസരിച്ചു ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്കയെന്നതാണ്. ഇതിനുവേണ്ടി ഇസ്‌ലാം സാമ്പത്തിക വ്യവസ്ഥയെ ഒരു പുതിയ രീതിയിൽ ക്രമീകരിക്കുന്നു. തത്വത്തിലും പരിപാടിയിലുമെല്ലാം അതു മുതലാളിത്ത വ്യവസ്ഥക്കും കമ്യൂണിസ്റ്റ് വ്യവസ്ഥക്കും തീരെ വിരുദ്ധമാണ്.

ഇസ്‌ലാമിന്റെ സാമ്പത്തിക സിദ്ധാന്തം ചുരുക്കത്തിൽ ഇതാണ്: സാമ്പത്തിക ജീവിതത്തിൽ ഓരോ വ്യക്തിയുടേയും സ്വകാര്യ താൽപര്യവും മുഴുവൻ വ്യക്തികളുടേയും സാമൂഹിക താൽപര്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. അതിനാൽ അവ രണ്ടിനുമിടക്കു സംഘട്ടനത്തിനും വടം വലിക്കും പകരം യോജിപ്പും സഹകരണവുമാണുണ്ടായിരിക്കേണ്ടത്. വ്യക്തി, സാമൂഹികതാൽപര്യത്തിനു വിരുദ്ധമായി, സമൂഹത്തിന്റെ സമ്പത്തു തന്റെ അടുക്കൽ കൂട്ടിവെക്കുകയും അത് ശേഖരിച്ചുവെക്കുന്നതിലും ചെലവഴിക്കുന്നതിലും തന്റെ സ്വന്തം താൽപര്യം മാത്രം പരിഗണിക്കുകയുമാണെങ്കിൽ അതു സമൂഹത്തിനുമാത്രമല്ല ദോഷകരമായിരിക്കുക, അതിന്റെ കെടുതികൾ ആ വ്യക്തിയിലേക്കു തന്നെയും സംക്രമിക്കുന്നതാണ്. ഇനി സാമൂഹിക താൽപര്യത്തിനുവേണ്ടി വ്യക്തികളുടെ താൽപര്യങ്ങൾ ബലികഴിക്കുകയാണെങ്കിലോ, അത് വ്യക്തികൾക്കു മാത്രമല്ല, അവസാനം സൊസൈറ്റിക്കുതന്നെയും ദോഷകരമായിത്തീരും. അതിനാൽ വ്യക്തിയുടെ നന്മ സൊസൈറ്റിയുടെ സുഖസ്ഥിതിയിലും സൊസൈറ്റിയുടെ നന്മ വ്യക്തികളുടെ സുഖസ്ഥിതിയിലുമാണ് നിലകൊള്ളുന്നത്. വ്യക്തികളുടെയും സൊസൈറ്റിയുടെയും സുഖസ്ഥിതിയാകട്ടെ വ്യക്തികളിൽ സ്വാർഥവും സഹാനുഭൂതിയും ശരിയായ തോതിൽ നിലനിൽക്കുന്നതിലുമാണ് സ്ഥിതിചെയ്യുന്നത്. ഓരോ വ്യക്തിക്കും തന്റെ സ്വന്തം ലാഭങ്ങൾക്കു

വേണ്ടി പരിശ്രമിക്കാം. പക്ഷേ, അതിൽ മറ്റുള്ളവർക്ക് നഷ്ടമുണ്ടായിരിക്കരുത്. ഒരാൾക്കു എത്ര സമ്പാദിക്കാൻ കഴിയുമെങ്കിലും സമ്പാദിക്കാം. പക്ഷേ, അവന്റെ സമ്പാദ്യത്തിൽ മറ്റുള്ളവർക്കും അവകാശമുണ്ടായിരിക്കണം. ഒരാൾ മറ്റുള്ളവരിൽനിന്നു സ്വയം ലാഭമെടുക്കുകയും മറ്റുള്ളവർക്ക് ലാഭമെത്തിക്കുകയും വേണം. ലാഭങ്ങളുടെ ഈ വിതരണവും സമ്പത്തിന്റെ ഈ കറങ്ങലും നിലനിർത്തിപ്പോരാൻ വ്യക്തികളിൽ ചില ധാർമിക ഗുണങ്ങൾ മാത്രം ഉണ്ടായാൽ മതിയാവുകയില്ല. ഒപ്പം തന്നെ സമൂഹത്തിലെ നിയമ വ്യവസ്ഥ ധനസമ്പാദനത്തെയും ധനവ്യയത്തെയും ശരിക്കു വ്യവസ്ഥപ്പെടുത്താൻ പര്യാപ്തവുമായിരിക്കണം. പ്രസ്തുത നിയമത്തിനു കീഴിൽ അക്രമത്തിലൂടെ ധനം സമ്പാദിക്കുവാനുള്ള അവകാശം ആർക്കുമുണ്ടായിരിക്കരുത്. അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ച ധനം തന്നെ ഒരു സ്ഥലത്തു കൂമ്പാരമായി നിൽക്കാതെ ചെലവഴിക്കപ്പെടുകയും ചുറ്റിക്കൊണ്ടിരിക്കുകയും വേണം.

ഈ സിദ്ധാന്തത്തിൽ അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥയുടെ ഉദ്ദേശ്യം അൽപം ചില വ്യക്തികൾമാത്രം കോടീശ്വരന്മാരായിത്തീരുകയും ബാക്കി ജനങ്ങൾ പട്ടിണിക്കാരായിത്തീരുകയും ചെയ്കയെന്നതല്ല. ഒരു കോടീശ്വരനും ഉണ്ടാവാനനുവദിക്കാതെ ജനങ്ങൾ തമ്മിൽ പ്രകൃത്യായുള്ള വ്യത്യാസങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടു നിർബന്ധപൂർവം അവരെ ഒരേ നിലയിലാക്കിത്തീർക്കുക എന്നതുമല്ല. ഈ രണ്ടു അറ്റങ്ങൾക്കുമിടയിൽ അതിന്റെ ഉദ്ദേശ്യം സൊസൈറ്റിയിലെ എല്ലാ വ്യക്തികളുടേയും സാമ്പത്തികാവശ്യങ്ങൾ പൂർത്തീകരിക്കണമെന്നു മാത്രമാണ്. ഓരോ വ്യക്തിയും മറ്റുള്ളവർക്കു നഷ്ടമേൽപിക്കാത്തവിധം, തന്റെ പ്രകൃത്യായുള്ള പരിധിക്കുള്ളിൽനിന്നുകൊണ്ടു, ധനം സമ്പാദിക്കാൻ ശ്രമിക്കുകയും താൻ സമ്പാദിച്ച ധനം ചിലവഴിക്കുന്നതിൽ മിതവ്യവയം പാലിക്കുകയും പരസഹായത്തിന് അത് ഉപയോഗിക്കുകയുമാണെങ്കിൽ മുതലാളിത്തവ്യവസ്ഥയിലെ സാമ്പത്തിക നിരപ്പില്ലായ്മ സമൂഹത്തിൽ ഒരിക്കലും കാണപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ ഇത്തരത്തിലുള്ള സാമ്പത്തികരീതി കോടീശ്വരനാകുന്നതിൽനിന്നു ആരെയും തടയുന്നില്ലെങ്കിലും, ഒരു കോടീശ്വരന്റെ സമ്പത്തു ആയിരക്കണക്കായ ജനങ്ങളുടെ പട്ടിണിയുടെ ഫലമായിരിക്കുകയെന്നതും പ്രസ്തുത വ്യവസ്ഥക്കു കീഴിൽ തീരെ അസംഭവ്യമാണ്. മറുവശത്ത്, ഈ സാമ്പത്തികരീതി അല്ലാഹു നൽകിയ സമ്പത്തിൽനിന്നു എല്ലാ വ്യക്തികൾക്കും അവരവരുടെ ഓഹരി കൊടുപ്പിക്കാൻ തീർച്ചയായും ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ, ഒരു വ്യക്തിക്ക് തന്റെ കഴിവും യോഗ്യതകളുമനുസരിച്ചു ധനം സമ്പാദിക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം വല്ല കൃത്രിമ തടസ്സങ്ങളും വെച്ചു കെട്ടുവാൻ അതൊരിക്കലും അനുവദിക്കുന്നില്ല.

*(പ്രബോധനം പ്രതിപക്ഷപത്രം 1949 നവംബർ 15. ഭാഷാ എഡിറ്റിംഗോടെ പുനഃപ്രസിദ്ധീകരിക്കുന്നത്).*